**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5070** **20-07-2022 - ൽ മറുപടിയ്ക്ക്**

**മുറിച്ചിട്ട ഈട്ടി മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങളായി മുറിച്ചിട്ട നിലയിൽ വയനാട് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ കിടക്കുന്ന റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഈട്ടി മരങ്ങളുടെ കണക്ക് ലഭ്യമാക്കാമോ; | (എ) | **വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മുറിച്ചിട്ട നിലയിലുള്ളതും കടപുഴകി വീണതുമായ ഇരുനൂറുലധികം വീട്ടി മരങ്ങൾ ഉണ്ട്.** |
| (ബി) | മുറിച്ചിട്ട മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ലേല നടപടികൾ സ്വീകരിച്ചു വരുകയാണ്. എന്നാൽ വനം വകുപ്പിൽ നിന്നും വില നിർണ്ണയ റിപ്പോർട്ട് ലഭ്യമാകുന്നതിലുള്ള കാലതാമസം കാരണവും, ലേലം കൊള്ളാൻ ആരും തയ്യാറാകാത്തത് കാരണം ലേല നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും നഷ്ടം സംഭവിക്കാറുണ്ട്. |
| (സി) | ലേല നടപടികൾ വഴി സർക്കാരിലേക്ക് ലഭ്യമാകേണ്ട വലിയ തുക നടപടി ക്രമങ്ങളിലെ കാലതാമസം മൂലം നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ലേല നടപടികൾ സ്വീകരിച്ചു വരുകയാണ്. എന്നാൽ വനം വകുപ്പിൽ നിന്നും വില നിർണ്ണയ റിപ്പോർട്ട് ലഭ്യമാകുന്നതിലുള്ള കാലതാമസം കാരണവും, ലേലം കൊള്ളാൻ ആരും തയ്യാറാകാത്തത് കാരണം ലേല നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും നഷ്ടം സംഭവിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ